**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 418** | **24-08-2022 - ൽ മറുപടിയ്ക്ക്**

**കരാറുകാർക്ക് നൽകാനുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ വകുപ്പുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ആറ് വർഷക്കാലം അനുവദിച്ച തുക എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കി വരുന്നത് . ആയതിനാൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. കഴിഞ്ഞ ആറു വർഷം വിവിധ വകുപ്പുകളിലെ കരാറുകാർക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

ചെലവഴിച്ച തുക (കോടിയിൽ)

| വർഷം | പൊതുമരാമത്ത് നിരത്ത് വിഭാഗം | പൊതുമരാമത്ത് കെട്ടിട വിഭാഗം | ജലവിഭവ വകുപ്പ് |
|---|---|---|---|
| 2021-22 | 2656.97 | 747.51 | 476.58 |
| 2020-21 | 2142.16 | 648.37 | 266.87 |
| 2019-20 | 1416.14 | 509.75 | 210.59 |
| 2018-19 | 1461.82 | 754.73 | 227.74 |
| 2017-18 | 1988.70 | 1010.69 | 400.45 |
| 2016-17 | 2244.06 | 713.84 | 480.01 |

| | | | |
|---|---|---|---|
| (ബി) | ഈ തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോയെന്നും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നുമുള്ള | (ബി) | നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർണ്ണമായോ ഭാഗികമായോ പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകളിന്മേലാണ് തുക അനുവദിച്ചിട്ടുള്ളത് |

| | | | |
|---|---|---|---|
| | വിവരങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ; | | |
| (സി) | പൂർത്തീകരിച്ച പ്രവൃത്തികളുടെ കരാറുകാർക്ക് തുക നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർണ്ണമായോ ഭാഗികമായോ പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകളിന്മേലാണ് തുക അനുവദിച്ചിട്ടുള്ളത് |
| (ഡി) | ഇല്ലെങ്കിൽ ഏതെല്ലാം കരാറുകാരുടെ ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര രൂപ വീതം നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (ഡി) | ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കി വരുന്നത് . ആയതിനാൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. പൊതുമരാമത്ത് വകുപ്പിൽ 2022 ജൂൺ മാസം വരെയും ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ 2022 ഒക്ടോബർ മാസം വരെയുമുള്ള ബില്ലുകൾ ഇതിനകം മാറി നൽകുകയും 2022 നവംബർ വരെയുള്ള ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് വരുന്ന മാസങ്ങളിലെ ബില്ലുകളിലും ഈ രീതി തുടരുന്നതാണ് . |

സെക്ഷൻ ഓഫീസർ